പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 37 — 28/6/2016 ൽ മറുപടിയ്ക്ക്

## ഹരിപ്പാട് നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ് | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഹരിപ്പാട് നിയോജക മണ്ഡലത്തിൽ 2011-16 കാലയളവിൽ ആകെ എത്ര പേർക്ക് മുഖ്യമന്ത്രിയുടെ ചികിത്സാ സഹായം (CMDRF) ലഭ്യമാക്കി;<br>(ബി) 2011-16 കാലയളവിൽ ആകെ എത്ര കോടി രൂപ ഈ മണ്ഡലത്തിൽ ചികിത്സാ സഹായമായി (CMDRF) വിതരണം ചെയ്തു; | (എ) യും (ബി) യും<br>നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിച്ചിട്ടില്ല. |
| (സി) ഒരേ ചികിത്സാ സഹായം ലഭിച്ചിട്ടുള്ള ആളിന് രണ്ടു വർഷം കഴിഞ്ഞേ തുടർന്ന് CMDRF ൽ നിന്നു സഹായം നൽകാവൂ എന്ന നിയമം പാലിക്കാതെ ഒരേ ആളിന് തന്നെ വീണ്ടും രണ്ടു വർഷത്തിനുള്ളിൽ സഹായം ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചു കൊണ്ട് തന്നെയാണ് CMDRF ൽ നിന്നും തുക അനുവദിക്കുന്നത്. എന്നാൽ ബഹു. മുഖ്യമന്ത്രിയുടെ വിവേചനാധികാരമുപയോഗിച്ച് രണ്ട് വർഷത്തിനുള്ളിൽ വീണ്ടും ധന സഹായമനുവദിക്കാവുന്നതാണ്. |
| (ഡി) തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് ശേഷം ഹരിപ്പാട് മണ്ഡലത്തിൽ എത്ര പേർക്ക് ചികിത്സാ സഹായം ലഭ്യമാക്കി എന്ന് വ്യക്തമാക്കുമോ? | (ഡി) നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ